**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല — ആതവനാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. മുകുന്ദനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1175/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 25.04.2018

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 06.05.2014-ലെ ഡി4-19109/13 നമ്പർ നടപടിക്രമങ്ങൾ
2. സ.ഉ.(സാധാ) നം.736/2015/തസ്വഭവ തീയതി 16.03.2015
3. സർക്കാരിന്റെ 11.03.2016-ലെ 80695/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. സർക്കാരിന്റെ 14.03.2017-ലെ 80695/ഇപിബി3/2014/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. കെ. മുകുന്ദൻ സമർപ്പിച്ച 05.05.2017-ലെ എതിർവാദ പത്രിക

**ഉത്തരവ്**

ആതവനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ശ്രീ. കെ. മുകുന്ദന് വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി കെ.എസ്.ആർ. ഭാഗം I അപ്പന്റിക്സ് XII A പ്രകാരം 04.10.1997 മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് ടിയാൻ 04.10.1997 മുതൽ 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. അനുവദിച്ച അവധിയുടെ കാലാവധി 03.10.2002-ൽ അവസാനിച്ച സാഹചര്യത്തിൽ 04.10.2002 മുതൽ ജോലിക്ക് ഹാജരാകേണ്ടിയിരുന്ന ടിയാൻ അനധികൃതമായി വിദേശത്ത് തുടരുകയും തുടർന്ന് ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് കാണിച്ച് 20.09.2012-ൽ പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയുമുണ്ടായി. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന ടിയാനോട് പഞ്ചായത്ത് ഡയറക്ടർ വിശദീകരണം ആവശ്യപ്പെടുകയും വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടി സ്വീകരിച്ച് ഒരു വാർഷിക ശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞ് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടിയാനെതിരെ സ്വീകരിച്ച ശിക്ഷണ നടപടി ചെയ്ത കുറ്റത്തിന് ആനുപാതികമല്ല എന്ന് കണ്ടതിനാൽ ആയത് റദ്ദ് ചെയ്തും ടി കുറ്റത്തിന് ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ് എന്ന് വ്യക്തമാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

തുടർന്ന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (3) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകുകയും ചെയ്തു. കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ച സാഹചര്യത്തിൽ ടിയാനെതിരെ

കെ.സി.എസ്.(സി.സി.എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ റദ്ദാക്കി ടി കുറ്റത്തിന് ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിക്കുവാൻ തീരുമാനമെടുത്ത് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. മുകുന്ദൻ പരാമർശം (5) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ താൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും സേവനകാലാവധി കേവലം 9 വർഷത്തിൽ താഴെ മാത്രമേയുള്ളുവെന്നും, സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയില്ലെന്നും പെൻഷൻ അടക്കമുള്ള യാതൊരുവിധ ആനുകൂല്യങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ലെന്നും കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള 500/- രൂപ സ്ഥിരമായി പെൻഷനിൽ നിന്നും കുറവ് ചെയ്യുവാനുള്ള തീരുമാനം നടപ്പാക്കരുതെന്നും ടിയാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെൻഷനിൽ നിന്നും കുറവ് വരുത്തുന്നത് കഠിനശിക്ഷയായതിനാൽ അന്തിമ നടപടികളിലേയ്ക്ക് കടക്കുന്നതിനു മുമ്പ് ഈ വിഷയത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തുന്നതാണ് ഉചിതം എന്നു കാണുന്നു. ഈ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ടി കേസിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ശ്രീ. കെ. മുകുന്ദൻ, മുൻ സെക്രട്ടറി, ആതവനാട് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.80695/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ